# <u>അത് എന്താണ് ?</u>

സാധാരണ ജനങ്ങള്ക്ക് അവരുടെ അവകാശങ്ങള് സ്വാതന്ത്ര്യം നീതി ഇവയ്ക്കുവേണ്ടി ബലപ്രയോഗമില്ലാതെ യുദ്ധം ചെയ്യുന്നരീതിയാണ്. സിവില് പ്രതിരോധം സിവില് പ്രതിരോധ സമരത്തില് മുഴുകുന്ന ആളുകള് വൈവിദ്ധ്യമാര്ന്ന തന്ത്രങ്ങളാണ് അവലംബിക്കുന്നത്. സാധാരണയായി ഉപയോഗിക്കുന്ന മാര്ഗ്ഗങ്ങള് പണിമുടക്ക്, ബഹിഷ്കരണം, കൂട്ടപ്രകടനം തുടങ്ങിയ സമരതന്ത്രങ്ങള് മൂലം വ്യാപകമായ സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവുമായ പരിവര്ത്തനമുളവാക്കും. ലോകത്തെമ്പാടും സിവില്പ്രതിരോധസമരത്തെ പലപേരുകളിലാണ് വിളിക്കപ്പെടുന്നത് അക്രമരഹിതസമരം പ്രത്യക്ഷസമരം, ജനശക്തി, രാഷ്ട്രീയനിഷേധം, പൗരസംഭരണം ഏതു വാക്കിലാണ് അതിനെ വിളിക്കുന്നതു എന്ന പരിഗണനയില്ലാതെ അടിസ്ഥാനപരമായ പരിവര്ത്തനോന്മുഖമായ സിവില് പ്രതിരോധം ഇതിന്റെയെല്ലാം സാരാംശമായി അവശേഷിക്കുന്നു.

സിവില് പ്രതിരോധസമരം ശക്തിയാര്ജ്ജിക്കുന്നത് അതില് പൊതുജനങ്ങളുടെ കൂട്ടായപങ്കാളിത്തം ഉള്ളതുകൊണ്ടാണ്. ഈ ജനകൂട്ടായ്മ അക്രമത്തെ ചെറുത്തുനില്ക്കുകയും ജനങ്ങള്ക്ക് ഒരു സ്വാതന്ത്ര്യം നല്ലതും ആയ സമൂഹത്തെക്കുറിച്ചുള്ള ദര്ശനം വാഗ്ദാനം ചെയ്യുന്നു. നിലവിലിരിക്കുന്ന പഴയസംവിധാനം തുടരാന് ശക്തിനല്കുന്ന വ്യവസ്ഥയെ സമാധാനപരമായി പ്രതിരോധിക്കുന്നു. ജനങ്ങള് അനീതി നിറഞ്ഞ ഭരണത്തിനുള്ള സഹകരണം പിന്വലിക്കാന് ശ്രമിക്കുമ്പോള് ആവ്യവസ്ഥ തുടര്ന്നുകൊണ്ടുപോകുന്നതിനുള്ള ചെലവ് വര്ദ്ധിക്കുന്നു.

എപ്പോഴാണോ കൂടുതല് ആളുകള് അനുസരിക്കാന് വിസമ്മതിക്കുന്നത് അപ്പോള് സര്ക്കാര് തുടര്ന്നുകൊണ്ട് പോകാന് സാധിക്കാതെവരും അപ്പോള് അതുവീഴും അല്ലെങ്കില് പരിവര്ത്തനത്തിനു വിധേയമാകണം അക്രമരഹിതസമരത്തെ എതിര്ക്കുന്നവര് സായുധരും സാമ്പത്തികമായി നല്ല അടിത്തറയുള്ളവരാണെങ്കില്കൂടി നിരന്തരമായകൂട്ട അനുസരണയില്ലായ്മയുടെ മുന്നില് പിടിച്ചുനില്ക്കാന് സാധിക്കാതെവരും അവരുടെ പ്രതിരോധത്തോടൊപ്പം വ്യാപകമായ പൗരന്മാരുടെ അശാന്തിയും അക്രമരഹിതസമരഭടന്മാരുടെ വെല്ലുവിളിയും ചെറുത്തുനില്ക്കാന് പ്രയാസമാകും.

ഇക്കാരണത്താല് ധാരാളം സിവില് പ്രതിരോധസമരങ്ങളും പ്രചാരണപ്രവര്ത്തനങ്ങളും വൈവിദ്ധ്യമായ പ്രതിയോഗികള്ക്കെതിരെ വിജയം നേടി. കഴിഞ്ഞ നൂറ്റാണ്ടിലെ ഓരോദശകത്തിലും ആറുഭൂഖണ്ഡങ്ങളിലും ജനസമ്മതിയുള്ള സമരങ്ങള് അക്രമരഹിതതന്ത്രങ്ങള് ആവിഷ്കരിച്ച് സൈനികനടപടികളെ വിജയകരമായി എതിര്ത്തു തോല്പ്പിച്ചു മര്ദ്ദനമുറപിന്തുടര്ന്നു വന്ന ഭരണം അട്ടിമറിച്ചു. ആ സമൂഹത്തില് സ്വാതന്ത്ര്യവും നീതിയും നടപ്പാക്കി ഉദാഹരണമായി സിവില്പ്രതിരോധമാത്രമായിരുന്നു തെക്കേ ആഫ്രിക്കയിലെ വര്ണ്ണവിവേചനം അവസാനിപ്പിക്കാന് ആധാരമായിരുന്നു. ഇതേമാര്ഗ്ഗം തന്നെയായിരുന്നു അമേരിക്കന് ഐക്യനാടുകളില് സ്ത്രീകളുടെ അവകാശം, സിവില് അവകാശം, തൊഴിലാളികളുടെ അവകാശം എന്നിവനേടിയെടുക്കാന് പ്രയോഗിച്ചത് ഇതേ സമരത്തിലൂടെ ഫിലിപ്പൈന്സ്, ചിലി, ഇന്ഡോനേഷ്യ സെര്ബിയ എന്നീരാജ്യങ്ങളിലെ ഏകാധിപതികളുടെ ഭരണം അവസാനിപ്പിച്ചു. ഇതേ സമരമാര്ഗ്ഗത്തിലൂടെ ഡെന്മാര്ക്കിലും കിഴക്കേ തീമുറിയിലും വിദേശധിപത്യത്തിനെതിരായി സമരം സംഘടിപ്പിച്ചത്. ഇന്ത്യയിലെ ബ്രിട്ടീഷ് ആധിപത്യത്തില് നിന്നും മോചിപ്പിച്ചതും അക്രമരഹിതസമരം മൂലമാണ്. കിഴക്കേയൂറോപ്പിലെ കൃത്രിമ ഇല കര്ഷകനെ അട്ടിമറിച്ചതും തടഞ്ഞതും അതേപോലെ അനേകം രാജ്യങ്ങളില് മനുഷ്യാവകാശം, നീതി ജനാധപത്യ സ്വയം ഭരണം എന്നിവ അക്രമരഹിത സമരത്തിലൂടെ നേടിയെടുത്തു.

<u>**മാര്ഗ്ഗദര്ശക സങ്കല്പ്പങ്ങള്**</u>

## 1) സിവില് പ്രതിരോധം വി.എസ്. നീതിശാസ്ത്രപരമായ അഹിംസ

സിവില് പ്രതിരോധം ഒരു തരത്തിലുള്ള രാഷ്ട്രീയ സംതൃപ്തിയാണ്. നീതി ശാസ്ത്ര പരമായ അക്രമരഹീത സമരം അഹിംസയെ നിരോധിക്കുന്ന ഒരു കൂട്ടം തത്വസംഹിതയാണ്. ഇന്ത്യന് സ്വതന്ത്ര്യ സമരം അമേരിക്കയിലെ സിവില് അവകാശം നേടിയെടുക്കാന് വേണ്ടിയുള്ള സമരങ്ങള് വിജയിച്ചത് നീതിശാസ്ത്രപരമായ അക്രമരഹിത മാര്ഗ്ഗങ്ങളിലൂടെയാണ്. എന്നാല് സിവില് പ്രതിരോധസമരങ്ങളില് സഹജമായി പ്രവര്ത്തിയില് കൊണ്ടുവരുന്നവര് അക്രമരഹിതമാര്ഗ്ഗം അതിനുവേണ്ടി മാത്രം അവലംബിക്കണമെന്നില്ല യഥാര്ത്ഥത്തില് ചരിത്രത്തില് ഉടനീളം ബഹുഭൂരിപക്ഷം സിവില് പ്രതിരോധസമരം അവലംബിച്ചത് നീതിശാസ്ത്രപരമായ അംഹിസയാണ് എന്നാല് അതുമാത്രമായിരുന്നു. ഒരേ ഒരു അഥവാ ഏറ്റവും ശക്തിയുള്ള മാര്ഗ്ഗം എന്ന് കണ്ടുകൊണ്ടാണ്.

## 2) സിവില് പ്രതിരോധം വി.എസ് ബഹുത്വ അധികാരവീക്ഷണം

പലസമൂഹങ്ങളിലും നിലവിലിരിക്കുന്ന അധികാരത്തെ സംബന്ധിച്ച വീക്ഷണം ഏകശിലാസ്തംഭമാണ് അതിന്റെ അര്ത്ഥം അവരെ കാണപ്പെടുന്നത് അവര് ആശ്രയിക്കുന്ന തിരിച്ചറിവ്, തീരുമാനങ്ങള് സര്ക്കാരിന്റെയും മറ്റു സ്ഥാപനങ്ങളുടെയും പിന്തുണയിവയെ അടിസ്ഥാനമാക്കിയാണ് അധികാരം കയ്യാളുന്നത് അധികാരത്തിന്റെ അഗ്രിമസ്ഥാനത്തുള്ളവര് അവര്ക്ക് സമ്പത്തും അക്രമം നടത്താനുള്ള കഴിവുമുണ്ട് അധികാരത്തിന്റെ ഏക ശിലാസ്തംഭം കാണപ്പെടുന്നത് സ്വയം ശാശ്വതീകരിക്കുന്നതും നിലനില്ക്കുന്നതും എളുപ്പത്തില് പരിവര്ത്തനപ്പെടുത്താന് സാധിക്കാത്തതുമായ രൂപത്തിലാണ്.







എന്നിരുന്നാലും സിവില് പ്രതിരോധത്തെ മറ്റൊരു പീഠികയിലാണ് ബഹുത്വത്തില് ചിത്രീകരിക്കുന്നത് അതില് സര്ക്കാരുകളെ കാണുന്നത് സര്ക്കാരുകള് മറ്റു അധികാരം കൈയ്യാളുന്ന സ്ഥാപനങ്ങള് ഇവ ജനസമ്മതിയിലും എതിര്പ്പില്ലാത്ത വിധേയത്വത്തിലും അധിഷ്ഠിതമായതാണ്. ബഹുത്വ അധികാരവീക്ഷണത്തില് അധികാരം ആശ്രയിക്കുന്നത് ചട്ടമനുസരിക്കുന്നതും സമൂഹത്തിലെ പലഭാഗങ്ങളുടെ പങ്കാളിത്തത്തിലുമാണ് ഇത് ചലനാത്മകവും അത് അതിന്റെ ശക്തിയെ ആശ്രയിക്കുന്നത് അതുകുറവുനികത്തുന്ന അതിന്റെ പ്രഭവകേന്ദ്രങ്ങളെയും

ജനങ്ങളുടെ മറ്റനവധി സ്ഥാപനങ്ങളുടെ സഹകരണത്തിലുമാണ് അങ്ങനെയാകുമ്പോള് സിവില് പ്രതിരോധസമരം അതിന്റെ തന്ത്രങ്ങള് വികസിപ്പിച്ചെടുക്കുന്നത് ആളുകള് ആരാണോ ഒരു വിപുലമായ സാധാരണ ജനങ്ങളുടെ ഒരു സഖ്യമുണ്ടാക്കി സര്ക്കാരിന്റെ പ്രവര്ത്തനങ്ങളെ അലങ്കോലപ്പെടുത്താനും നിഷ്പക്ഷമാക്കാനോ പ്രതീകൂലമാക്കാനോ ഉള്ള കഴവിന്റെ അടിസ്ഥാനത്തിലാണ്.

## 3)_ തിരസ്കാരത്തിന്റേയും അധികാരത്തന്റേയും പ്രവര്ത്തികള്

സിവില് പ്രതിരോധസമരക്കാര് നൂറുകണക്കിനു തന്ത്രങ്ങള് പ്രായോഗിച്ചിട്ടുള്ളതായി ചരിത്രത്തില് നിന്നും മനസ്സിലാക്കാം അവയെ വ്യത്യസ്ഥമായ രണ്ടു വര്ഗ്ഗങ്ങളായി തരംതിരിക്കാം. തിരസ്കാര പ്രവൃത്തികള് ഒരു സാധാരണ രീതിയില് ചെയ്യണമെന്നു പ്രതീക്ഷിക്കുന്നുതോ ചെയ്യേണ്ട ആവശ്യമായ പ്രവൃത്തികള് ഉദാഹരണമായി തൊഴിലാളികളുടെ പണിമുടക്ക് നികുതി കൊടുക്കാതിരിക്കുക ഉപഭോഗവസ്തുക്കളുടെ ബഹിഷ്കരണം അധികാരപ്രവൃത്തികളാണ് ഉദാഹരണമായി പ്രതിഷേധങ്ങള് കൂട്ടപ്രകടനം. കുത്തിയിരിപ്പ് തുടങ്ങിയ മറ്റുതരത്തിലുള്ള സിവല് പ്രതിഷേധസമരങ്ങള്. തന്ത്ര പ്രധാനമായ അത്തരം പ്രവൃത്തികളുടെ തുടര്ച്ചകൊണ്ട് പ്രതിയോഗികള്ക്ക് നിലവിലുള്ള സാഹചര്യം സംരക്ഷിച്ചുപോരുന്നതിനുള്ള ചെലവ് വര്ദ്ധിക്കും. ഇത് സാധാരണ ജനങ്ങളെ ആ സമരത്തില് പങ്കെടുക്കാന് പ്രേരിപ്പിക്കും. ഈ സമരത്തില് പ്രയോഗിക്കുന്ന തന്ത്രങ്ങള് വൈവിദ്ധ്യമായതന്ത്രങ്ങള് വൈവിദ്ധ്യമാര്ന്നതാണ്- ഉയര്ന്ന ആപത്ശങ്കയുള്ളവ- താഴ്ന്ന ആപത്ശങ്കയുള്ളവ പൊതുവായത് സ്വകാര്യമായത് വികേന്ദ്രീകൃതം - ഇങ്ങനെ വൈദ്ധ്യമായതന്ത്രങ്ങള് പ്രയോഗിക്കുന്നതു കൊണ്ട് സമൂഹത്തിലെ വിവിധ പരിച്ഛേദങ്ങളിലുള്ള ജനവിഭാഗങ്ങള്ക്ക് പങ്കാളികളാകാം

## 4) ഏകത്വം ആസൂത്രണം അക്രമരഹിത അച്ചടക്കം

വിജയത്തിലെത്തിച്ചേര്ന്ന സിവില് പ്രതിരോധസമരങ്ങളുടെ അടിസ്ഥാനപരമായ മൂന്നു തത്വങ്ങളാണ് ഏകത്വം ആസൂത്രണം അക്രമരഹിത അച്ചടക്കം. ഏകത്വം വികസിപ്പിച്ചെടുക്കാന് സാധിക്കുന്നത്. സമൂഹത്തിലെ വിവിധതലങ്ങളില്പ്പെട്ട ആളുകളെ സംഘം ചേര്ക്കുന്നതിനെയാണ്. ആരംഭത്തില് അവര്ക്കുവ്യത്യസ്ഥ തരത്തിലുള്ള പരാതികളും നേടിയെടുക്കാന് ഒരു കൂട്ടം ലക്ഷ്യങ്ങളും കാണാം. ആസൂത്രണം കൊണ്ടുഉദ്ദേശിക്കുന്നത്. ശ്രദ്ധാപൂര്വ്വം സമരത്തില് നടപ്പില് വരുത്തേണ്ട പ്രവര്ത്തനം അവസ്ഥകളും അവസരങ്ങളും അപഗ്രഥിച്ച് അതിന്റെ അടിസ്ഥാനത്തില് തന്ത്രപരമായ പ്രവര്ത്തനങ്ങളുടെ ശൃഖംല കോര്ത്തിണക്കുന്നതാണ്. അതില് വരാന് സാദ്ധ്യതയുള്ള പരാജയങ്ങളും അതിനെ തരണചെയ്യാനാവശ്യനായ യാദൃശ്ചിക പദ്ധതികളും ഉള്ക്കൊള്ളും. അക്രമരഹിത അച്ചടക്കം എന്ന് വീക്ഷിക്കുന്നത് ഒരു തന്ത്രപരമായ ചുമതലപ്പെടുത്തല് അതായത് അക്രമരഹിത സമരമാര്ഗ്ഗങ്ങള് മാത്രമേ പിന്തുടരൂ. സായുധസമരമായാല് ജനപങ്കാളിത്തം വളരെ കുറയും സമരത്തിന്റെ നിയമസാധുതയും കുറയ്ക്കും അന്തര്ദേശീയ പിന്തുണ നഷ്ടപ്പെടും. അതുപോലെ വിധേയത്വത്തിന്റെ കൂറുമാറ്റം വളരെ കുറയും

## പത്തുചോദ്യങ്ങള്

### 1) എങ്ങനെയാണ് ശക്തിശാലികളായ ഭരണാധികാരികളെ സാധാരണ ജനങ്ങള് സിവില് പ്രതിരോധ സമരങ്ങളിലൂടെ പരാജയപ്പെടുത്തിയത്?

ഒരു ഭരണാധികാരിയും സ്വമേധയാശക്തിശാലിയില്ല ഭരണധികാരി ഒരു ഭരണാധികാരിക്ക് ആഭരണം നിയന്ത്രണത്തില് സംരക്ഷിച്ചു നിറുത്താന് പോലീസ്, പട്ടാളം, നിത്യന്യായവ്യവസ്ഥ മറ്റു ഭരണത്തെ സഹായിക്കുന്ന ഉദ്യോഗസ്ഥവൃന്ദം എന്നിവര് അവരുടെ ജോലി ചെയ്യണം സമൂഹത്തിലെ മുഴുവന് ആളുകളും പതിവായി ജോലിക്കുപോകണം നികുതി അടയ്ക്കണം വാടക അടയ്ക്കണം സര്ക്കാര് ഉടമയിലുള്ളതോ സര്ക്കാര് ലൈസന്സ് നല്കി പ്രവര്ത്തിക്കുന്ന അങ്ങാടികളില് നിന്നും സാധനങ്ങള് വാങ്ങി വ്യവസായത്തെ സഹായിക്കണം, സാധനങ്ങളുടെ കടത്ത് ചരക്കുകളുടെ ഗതാഗതം, വാര്ത്താവിനിമയമാദ്ധ്യമങ്ങള് അത്യാവശ്യ ഉപഭോഗവസ്തുക്കള് എന്നിവിടങ്ങളില് പ്രവര്ത്തിക്കുന്നവര് ചരക്ക് ഗതാഗതത്തെ സഹായിക്കുകയും അവരില് നിക്ഷിപ്തമായ ജോലികള് ചെയ്യണം. ഇത് സമൂഹത്തിലെ ചില ഗ്രൂപ്പുകള് മാത്രമാണ് അവരുടെ സേവനങ്ങള് നിലവിലെ വ്യവസ്ഥിതി തുടങ്ങുന്നതിന് പിന്തുണയാണ്.

ഇക്കാര്യങ്ങള് മനസ്സിലാക്കിക്കൊണ്ട് സിവില് പ്രതിരോധസമരം നടത്തുന്നവര് തന്ത്രങ്ങള് വികസിപ്പിച്ചെടുത്തു പിന്തുണകള്ക്ക് ഇളക്കമുണ്ടാക്കുകയും നിലവിലെ സ്ഥിതി തുടരാന് പ്രതിസന്ധി സൃഷ്ടിക്കുകയും ചെയ്യും ഒരു വലിയ ജനക്കൂട്ടത്തെ സംഘടിപ്പിച്ചു സമരം നടത്തുമ്പോള് അഭിപ്രായ വ്യത്യാസം ഉണ്ടാക്കുകയും പ്രതിഷേധം ഭരണത്തിന്റെ നിയമ സാധ്യത കുറയ്ക്കുകയും ചെയ്യും പ്രത്യേകിച്ചും സമരസര്ക്കാര്ക്കെതിരായ മര്ദ്ദനമുറ ആരംഭിക്കുകയും ചെയ്താല് രാജ്യത്തിന്റെ നിയന്ത്രണം സിവില്പ്രതിരോധ സമരങ്ങളിലൂടെ അലങ്കോലപ്പെടുത്തുമ്പോള് അത് നിലനിറുത്തികൊണ്ടു പോകാനുള്ള ചെലവും വര്ദ്ധിക്കും. ഈ പോയിന്റില് നിന്നു കൊണ്ടു പോകാനുള്ള ചെലവും വര്ദ്ധിക്കും. ഈ പോയിന്റില് നിന്നു കൊണ്ടാണ് ഇതിനെ എതിര്ക്കുന്നവര് ചോദ്യം ചെയ്യുന്നത്. ഒരിക്കല് അവരുടെ വിശ്വസ്തത വിലകുറച്ചു കാണിച്ചാല് എതു തരത്തിലുള്ള മര്ദ്ദനമുറയും അടിച്ചേല്പ്പിക്കാന് പ്രയാസമായിത്തീരും.

### 2) എങ്ങനെ സിവില് പ്രതിരോധം ആരംഭിക്കുന്നു?

അനേക വിജയത്തിലെത്തിച്ചേര്ന്ന സിവില് പ്രതിരോധ സമരങ്ങളും ആരംഭിക്കുന്നത് സാധാരണ ജനങ്ങളില് പ്രവര്ത്തിക്കാനുള്ള ശക്തി പടുത്തുയര്ത്തിക്കൊണ്ടാണ്. പ്രാദേശികവും എന്നാല് വളരെ കുറഞ്ഞ അപകടസാദ്ധ്യതയുള്ള തന്ത്രങ്ങള് ഉപയോഗിച്ചു ജനങ്ങളെ സംഘടിപ്പിക്കുകയും അവരില് ഐക്യമുണ്ടാക്കുന്നതും അവിശ്വസിനീയമായ രീതിയില് പ്രാധാന്യമുള്ളതാണ് ഉദാഹരണമായി ഗാന്ധിജി അദ്ദേഹത്തിന്റെ ആദ്യത്തെ പ്രധാനപ്പെട്ട സിവില് പ്രതിരോധ സമരം ആരംഭിക്കുന്നതിന് മുമ്പേ മാസങ്ങളും വര്ഷങ്ങളും സാധാരണ ജനങ്ങളെ സന്ദര്ശിച്ചു അവരുടെ പരാതികളും പ്രതീക്ഷകളും ഭയവും പഠിച്ചു അദ്ദേഹം അതില് നിന്നും ഒരാശയം വളര്ത്തിയെടുത്തു തത്ഫലമായി അവരുടെ വിധേയത്വവും സഹകരണവും അദ്ദേഹത്തിനു നേടിയെടുക്കാന് സാധിച്ചു. അതിനുപരി അവരെ

സൃഷ്ടിപരമായി പ്രവര്ത്തിക്കാന് ശക്തിയില്ലെന്നു അനുഭവപ്പെട്ടവരില് വിശ്വാസം നഷ്ടപ്പെട്ടവരില് കമ്മ്യൂണിറ്റി സേവനം വളര്ത്തിയെടുത്തു അവരെ സ്വയം പര്യാപ്തരാക്കി.

ഒരിക്കല് സിവില് പ്രതിരോധസമരം നേരിട്ടു പ്രവര്ത്തിപഥത്തില് കൊണ്ടുവരാനുള്ള ശക്തി സമരം പ്രാദേശിക പ്രശന്ങ്ങള്ക്കെതിരായി സമര പ്രചരണങ്ങളിലൂടെ നേടിയയെടുത്താല് പിന്നെ സമരം പ്രാദേശിക പ്രശ്നങ്ങള്ക്കെതിരായി സമരം തുടങ്ങകയും പിന്നീട് അതിനെ വിശാലമായ പൊതുജനങ്ങളുടെ പ്രശ്നങ്ങളിലേക്ക് അനുരണനം ചെയ്യിപ്പിക്കും ഉദാഹരണമായി പോളണ്ടിലെ സോളിഡാരിറ്റി പ്രവര്ത്തകര് സമരം ആരംഭിച്ചത് ഒരു ഷിപ്പ് യാര്ഡിലെ പണിമുടക്കോടുകൂടിയാണ്. എപ്പോഴാണോ ആ സമരം വിജയിച്ചത് അതിനെ ഒരു സ്വാതന്ത്ര ട്രേഡ് യൂണിയനായി സ്ഥാപിച്ചു. ആ വിജയത്തിന് പോളണ്ടുകാറില് വളരെയധികം മനശ്ശാസ്ത്രപരമായ അപ്രഭാവം ചെലുത്താന് സാധിച്ചു അപ്രഭാവം പോളണ്ടു മുഴുവന് ശക്തി സമാര്ജ്ജിക്കാന് സഹായിച്ചു. ഇതേപോലെ അമേരിക്കന് ഐക്യനാടുകളില് തുടങ്ങിയ സിവില് അവകാശ സമരങ്ങള് തുടങ്ങുന്നത് തെക്കേ അമേരിക്കയിലെ ചില സ്റ്റേറ്റുകളിലെ വര്ഗ്ഗീയ വിവേചനത്തിനെതിരായ സമരം ചില സ്റ്റേറ്റുകള് ചിലബസ്സുകള് ബഹിഷ്കരിച്ചു കൊണ്ടും. ചിലയിടങ്ങളില് കുത്തിയിരിപ്പു സമരം നടത്തിയുമാണ് ആരംഭം കുറിച്ചത്. അവ വിജയിച്ചതോടുകൂടി സിവില് പ്രതിരോധ സമരങ്ങള് ശക്തി വര്ദ്ധിച്ചു. ഈ വിജയങ്ങളോടുകൂടി ഈ സമരരീതി ശക്തിയുള്ളതായും പെട്ടെന്ന് ദേശീയ ശ്രദ്ധപിടിച്ചുപറ്റാനും അതു വീണ്ടും തുടരാനും ഇടയായി.

### 3) <u>ഞാന് എങ്ങനെ പ്രതിഷേധങ്ങള് സംഘടിപ്പിക്കും</u>

ഒരു സമരത്തിന്റെ തന്ത്രങ്ങള് ആസൂത്രണം ചെയ്യുന്നവര് തിരിച്ചറിയേണ്ട കാര്യങ്ങള്, അവരുടെ ലക്ഷ്യങ്ങള് എന്തെല്ലാമാണ് അവരുടെ ബലം എത്രത്തോളമുണ്ട് ദൗര്ബല്യങ്ങള് ഏതെല്ലാം അവരുടെ സമരത്തിന്റെ കഴിവുകളും പ്രതിയോഗികള് ആരൊക്കെയാണ് അവര്ക്ക് എവിടെ നിന്നെല്ലാം പിന്തുണകിട്ടും മൂന്നാം കക്ഷികള് ബാഹ്യപ്രവര്ത്തകര് എന്തെല്ലാം വാഗ്ദാനങ്ങള് നല്കിയിട്ടുണ്ട്. ഒരു സമരം കൃത്യമായി നിര്വചിച്ചാല് അവയുടെ ഹ്രസ്വകാല, മദ്ധ്യകാല, ദീര്ഘകാല ലക്ഷ്യങ്ങള് എന്താണെന്ന് വിദഗ്ദമായും ക്രമാനുഗതമായും സത്യങ്ങള് അപഗ്രഥിച്ചു സാഹചര്യങ്ങള് വിലയിരുത്തിയാല്, ഇതെല്ലാം വളരെ നല്ല രീതിയില് മനസ്സിലാക്കിയാല് എന്തു തന്ത്രങ്ങള് തെരഞ്ഞെടുക്കണം എവിടെ പ്രയോഗിക്കണം എന്തെല്ലാം തീരുമാനിക്കാം. ഈ അവസ്ഥയില് സമരം പ്രതിഷേധ പ്രകടനം പ്രധാനതന്ത്രമായി തെരഞ്ഞെടുത്താല് പിന്നെ മനസ്സിലാക്കേണ്ടത് എങ്ങനെ അതിനെ വിജയിത്തിലെത്തിക്കാം അതിനു പല വിഭവങ്ങളും സുലഭമായിരിക്കും അവ ഉപയോഗിച്ചു സങ്കേതികവും തന്ത്ര പ്രധാനമായ വ്യാപ്തി കൈവരിക്കാം.

### 4) <u>പ്രതിഷേധമല്ലെങ്കില് പിന്നെന്ത് ?</u>

അനേകം ആളുകള് ചിന്തിക്കുന്നത് പ്രതിഷേധങ്ങളാണ് സിവില് പ്രതിരോധ സമരത്തിന്റെ പ്രാഥമികമായ പ്രവര്ത്തനം. എങ്കിലും പ്രതിഷേധമാണ് വ്യത്യസ്ഥ തരത്തിലുള്ള അനേകം തന്ത്രങ്ങള് ഉണ്ടെങ്കിലും അതില് ഒന്നുമാത്രമാണ് സിവില് പ്രതിരോധ സമരക്കാര് ഉപയോഗിക്കുന്നത്. ഏതാണ്ട് തിരിച്ചറിഞ്ഞ ഇരുനൂറു തന്ത്രങ്ങള് അക്രമരഹിത സമരത്തിന് തിരഞ്ഞെടുക്കാറുണ്ട് വിവിധ തരത്തിലുള്ള

ബഹിഷ്കരണങ്ങള് (ഉപഭോഗവസ്തുക്കള് രാഷ്ട്രീയം സാമൂഹ്യം) പണിമുടക്കുകള് മെല്ലപ്പോക്കുനയം, വാടക കരം ഫീസ് ഇവ അടയ്ക്കാതിരിക്കുക, അപേക്ഷ സമര്പ്പിക്കുക സിവില് ആജ്ഞാലംഘനം, കുത്തിയിരിപ്പ് മാര്ഗ്ഗതടസ്സം, സൃഷ്ടിക്കുക സമാന്തര സ്ഥാപനങ്ങള് പ്രവര്ത്തിപ്പിക്കുക ഇതൊക്കെയാണ് സിവില് പ്രതിരോധ സമരത്തിന്റെ ചില സമരമാര്ഗ്ഗങ്ങള്.

സമരത്തിലെ തന്ത്രങ്ങള് തിരഞ്ഞെടുക്കുന്നതും അവ ക്രമമായി കൂട്ടിയിണക്കുന്നതും സമരത്തിന്റെ സാഹചര്യങ്ങളേയും കഴിവുകളേയും അതിന്റെ ലക്ഷ്യങ്ങളേയും വിലയിരുത്തിയാണ്. സമരം വളരെ ശക്തിയില്ലാത്ത താണെങ്കില് അതില് പരിഗണിക്കപ്പെടേണ്ടതുവളരെ കുറഞ്ഞ അപകടസാദ്ധ്യതയുള്ള സമരതന്ത്രങ്ങള് അവ ബഹിഷ്കരണം, പേരുവയ്ക്കാതെ പ്രദര്ശിപ്പിക്കുന്ന അടയാളങ്ങള് അവമുഖാന്തിരം സമരത്തിന്റെ കഴിവുവളര്ത്തിയെടുക്കാനും ആ സമരത്തിന്റെ സന്ദേശം ജനങ്ങളില് എത്തിക്കാനും എതിരാളികളുടെ മനോധൈര്യം നശിപ്പിക്കാനും സാധിക്കും കുറെക്കൂടി സമരം മുന്നോട്ടുപോകുമ്പോള് സമരം കുറെക്കൂടി ശക്തിസമാര്ജ്ജിക്കുമ്പോള് ആ സമരം കുറേക്കൂടി കേന്ദ്രീകൃതമായ പ്രവര്ത്തന രൂപങ്ങള് അതായത് റാലികള്, മാര്ച്ചുകള്, പ്രതിഷേധപ്രകടനങ്ങള് കൂട്ട സിവില് ആജ്ഞാ ലംഘനങ്ങള് എന്നിവയില് തുടരും.

ജനങ്ങള് സിവില് പ്രതരോധത്തെക്കുറിച്ചു പരിഗണിക്കുമ്പോള് ഓര്മ്മിക്കുന്നത് പ്രതിഷേധങ്ങളാണ് വളരെ പ്രാധാന്യ മര്ഹിക്കുന്ന സമരമാര്ഗ്ഗം. എന്നാല് അതില് നിന്നും അര്ത്ഥമാകുന്നില്ല അതു തന്നെയാണ് ഒരേയോരു അഥവാ ഏറ്റവും നല്ല മാര്ഗ്ഗമെന്ന്. സാഹചര്യങ്ങളെ ആശ്രയിച്ച് മറ്റനേകം തന്ത്രങ്ങളുണ്ട് വളരെ കുറഞ്ഞ ചെലവില് നല്ല ഫലം തരുന്നത്. സര്ഗ്ഗവൈഭവം തന്ത്രങ്ങളെ ആശ്രയിച്ച് മറ്റനേകം തന്ത്രങ്ങളുണ്ട് വളരെ കുറഞ്ഞ ചെലവില് നല്ല ഫലം തരുന്നത്. സര്ഗ്ഗവൈഭവം തന്ത്രങ്ങളെക്കുറിച്ചുള്ള പരിചിന്തനം എന്നിവ ഏതു സമരതന്ത്രം പ്രയോഗിക്കണം എന്നു തീരുമാനിക്കുന്നതില് വളരെ പ്രാധാന്യമര്ഹിക്കുന്നതാണ്.

## 5) <u>സമരത്തിനു നേതൃത്വമാഹാത്മ്യമുള്ള നേതാവ് ഇല്ലെങ്കില് പിന്നെമറ്റെന്ത്</u>

ചരിത്രത്തിലെ അനേകം സിവില് പ്രതിരോധ സമരങ്ങളും നേതൃത്വമാഹാത്മ്യമില്ലാത്ത നേതാക്കളില്ലാതെയാണ് നടത്തിയിട്ടുള്ളത്. തെക്കേആഫ്രിക്കയില് വര്ണ്ണവിവേചന നയത്തിനെതിരായ സമരം നടത്തിയപ്പോള് ആ സമരത്തിന്റെ നേതാവ് ജയിലായിരന്നു. അദ്ദേഹത്തിനു സമരവുമായി ഒരു ബന്ധവും സ്ഥാപിക്കാന് കഴിഞ്ഞിരുന്നില്ല. ഒരു നേതാവിന്റെ വ്യക്തി പ്രഭാവം അദ്ദേഹത്തിന്റെ വാക്ചാതുരി എന്നിവയെക്കാള് ഒരു പൗരസമൂഹത്തെ ആധാരമാക്കി നടത്തുന്ന സമരത്തില് എങ്ങനെ അവരെ പൂര്ണ്ണമായി പ്രതിനിധീകരിക്കാം ഒരു സമരത്തില് പങ്കെടുക്കുന്ന വിവിധ തരത്തിലുള്ള ആളുകളുടെ പരാതികള് ശ്രദ്ധിക്കാം, ആ സമരത്തിന്റെ ചെലവ് അതിലടങ്ങിയിരിക്കുന്ന ആ അപകട സാദ്ധ്യതകള് എന്നിവ വിലയിരുത്തി സമരത്തിന് വേറെ മാര്ഗ്ഗങ്ങള് ഉണ്ടെങ്കില് അതിനെ തിരഞ്ഞെടുത്തും പ്രാദേശികനേതാക്കന്മാരുമായും തീരുമാനമെടുത്തും സമരത്തെ നയിക്കാം എന്നിവയ്ക്കാണ് അമിതപ്രാധാന്യം.

ഇതിനുപരിയായി വ്യക്തിമാഹാത്മ്യമുള്ള നേതാവില് വിശ്വസിക്കുന്നതില് പ്രത്യേക ചിലപ്പോള് അങ്ങനെയുള്ള പ്രത്യേക നേതാവിനെകൂടി വിശ്വാസത്തിലെടുത്തു അധികാരം പങ്കിടാനുമുള്ള സാധ്യതയും കാണാം. അല്ലെങ്കില് അവരെ അറസ്റ്റു ചെയ്തു

ജയിലിലടയ്ക്കാം. പ്രാധാനനേതാവ് പാര്ശ്വവല്ക്കരിക്കപ്പെട്ടാല് ആ സമരത്തെ സംഘടിപ്പിച്ചു മുന്നോട്ടുകൊണ്ടുപോകാന് പുതിയ നേതാക്തന്മാരെ തെരഞ്ഞെടുക്കണം

## 6) എന്തു കൊണ്ടു ഞാന് ചിന്തിക്കുന്നില്ല സിവില് പ്രതിരോധ സമരം എന്റെ രാജ്യത്ത് പ്രവര്ത്തികമാക്കിക്കൂടാ?

സിവില് പ്രതിരോധം എല്ലായ്പ്പോഴും വിജയിക്കണമെന്നില്ല പക്ഷേ ഈ സമര രീതി ലോകത്തെമ്പാടുമുള്ള പലരാജ്യങ്ങളിലും പ്രയോഗത്തില് വന്ന എവിടെയാണോ വിദഗ്ദ്ധരും മറ്റു ആളുകള്ക്ക് തോന്നി ഇത് ഇവിടെ പ്രായോഗിക മല്ലെന്ന് ചിലിയിലെ ജനറല് അഗസ്റ്റോ പിനോഷേ ലോകത്തിലെ ഏറ്റവും ക്രൂരനായ സ്വേച്ഛാധികാരിയായാണ് കണക്കാക്കിയിരുന്നത്, പല ആളുകളും ചിന്തിച്ചില്ല ഒരു സിവില് പ്രതിരോധ സമരം മൂലം അദ്ദേഹത്തെ അധികാരത്തില് നിന്നും മാറ്റാമെന്ന് പക്ഷേ അതു തന്നെ സംഭവിച്ചു. കുറെ ആളുകള് എങ്കിലും സംശയം പ്രകടിപ്പിച്ചിരിക്കാം ബാള്ക്കന് ജനതയുടെ കശാപ്പുകാരന് എന്ന നാമധേയത്തില് അറിയപ്പെട്ടിരുന്ന സ്ലോബോഡല് മിലോസെവിക് അധികാരത്തില് നിന്നും ഒരു സിവില് പ്രതിരോധസമരം മൂലം വിട്ടൊഴിയുമെന്ന്. 2000 ല് ലക്ഷക്കണക്കിന് പൊതുജനങ്ങള് അദ്ദേഹം അധികാരം വിട്ടൊഴിയണമെന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് വലിയ പ്രതിഷേധപ്രകടനം നടത്തിയപ്പോള് അദ്ദേഹം തന്റെ സൈന്യത്തിനും പോലീസിനും അവരെ അടിച്ചമര്ത്താന് ആജ്ഞ നല്കി. ജനക്കൂട്ടത്തിന്റെ പടയൊരുക്കത്തിനു മുന്നില് തങ്ങളുടെ സ്വന്തം ജനതയെ വെടിവെച്ചുകൊല്ലാന് വിസമ്മതിച്ചപ്പോള് മറ്റൊരു ഗത്യന്തരമില്ലാതെ മിലിസേവിക്കിന് അധികാരം വിട്ടൊഴിയേണ്ടതായി വന്നു.

നിങ്ങള്ക്ക് ഇപ്പോഴും തീര്ച്ച കാണുകയില്ല സിവില് പ്രതിരോധസമരം നിങ്ങളുടെ സാഹചര്യത്തില് പ്രാവര്ത്തികമാകുമോയെന്ന്. അപ്പോള് അതിനുപകരമുള്ള മാര്ഗ്ഗങ്ങളെക്കുറിച്ചു ചിന്തിക്കും. അവയാഥാര്ത്ഥ്യബോധമുള്ളവയാണെങ്കില് ആ സിസ്റ്റത്തിനകത്തുനിന്നു കൊണ്ടു പുനര്നവീകരണം, ഇലക്ഷനില് മത്സരിക്കുക, നിയമവ്യവസ്ഥയില് അപേക്ഷ സമര്പ്പിക്കുക, പ്രതിയോഗികളുമായി സംഭാഷണം മദ്ധ്യസ്ഥ ചര്ച്ച അന്താരാഷ്ട്രീയ സമൂഹത്തിലെ നേതാക്കളോട് സഹായത്തിനു അപേക്ഷിക്കുക. സായുധസമരം ഇങ്ങനെയുള്ള വിവിധ മാര്ഗ്ഗങ്ങള് ലോകത്തിന്റെ പലഭാഗങ്ങളിലും പരീക്ഷിച്ചിട്ടുള്ളതാണ് സിവില് പ്രതിരോധ സമരം ജയിക്കുമെന്ന്തീര്ച്ചയാക്കാന് സാധിക്കുകയില്ല അതുപോലെ മറ്റു സമരരീതികളും ജയിക്കുമെന്നു ഉറപ്പിച്ചു പറയാന് സാധിക്കുകയില്ല.

അപ്പോള് പ്രതിപക്ഷത്തിന് അഥവാവിമതര്ക്ക് തെരഞ്ഞെടുക്കാന് സാധിക്കുന്ന മാര്ഗ്ഗം ഒരു വ്യത്യാസമായ രീതി ഉണ്ടാക്കാന് ഏറ്റവും കൂടുതല് സാധ്യതയുള്ള മാര്ഗ്ഗം തെരഞ്ഞെടുക്കുകയാണ്. അടിച്ചമര്ത്തുന്ന ഭരണകൂടത്തിന്റെ നിയമസാധ്യത ചോദ്യം ചെയ്യുക ഒഴിവാക്കുകയോ അടിച്ചമര്ത്തലിലെ ഉദാസീനമാക്കാന് ശ്രമിക്കുക. നിലവിലിരിക്കുന്ന വ്യവസ്ഥിതിയെ അനുകൂലിക്കുന്നവരുടെ ഇടയില് ഭിന്നിപ്പുണ്ടാക്കുക. ഇതൊക്കെ അവലംബിക്കാം

ചരിത്രത്തിലുടനീളം പലപ്രതിപക്ഷ കക്ഷികളും ഈ ഐഛികങ്ങള് തെരഞ്ഞെടുത്തു സിവില് പ്രതിരോധസമരം നടത്തിയിട്ടുണ്ട്. ചിലപ്പോള് ഈ മാര്ഗ്ഗങ്ങള് പരമ്പരാഗതരീതിയിലുള്ള സമരമാര്ഗ്ഗങ്ങളുമായി കൂടിച്ചേര്ത്ത് രാഷ്ട്രീയ പരിവര്ത്തനത്തിനു സമരം ചെയ്തിട്ടുണ്ട് അതായത് തെരഞ്ഞെടുപ്പുകള്, നിയമപ്രകാരമുള്ള വെല്ലുവിളി മദ്ധ്യസ്ഥചര്ച്ചകള് പോലെ ആ സമൂഹത്തിനകത്തു നിന്നു കൊണ്ടു തന്നെ പരിവര്ത്തനത്തിനു ശ്രമിക്കുക.

## 7)എന്റെ പ്രതിയോഗി ഹിംസ ഉപയോഗിച്ചാല് എന്തുണ്ടാകും.

നിങ്ങള് എപ്പോഴും പ്രതീക്ഷിക്കേണ്ടത് നിങ്ങളുടെ പ്രതിയോഗി എതെങ്കിലും ഒരു നിമിഷം അക്രമം സമരത്തിനെതിരേ പ്രയോഗിക്കാം. ചരിത്രപരമായി ഇതെപ്പോഴും സത്യമാകുന്നു. എതിരാളി അക്രമം പ്രയോഗിക്കുന്നതുകൊണ്ട് സിവില് പ്രതിരോധസമരം പരാജയപ്പെട്ടു എന്ന് കരുതണ്ടാ. സിവില് പ്രതിരോധസമരപ്രചരണം പല വിധത്തില് അക്രമത്തില് കൂടിയുള്ള അടിച്ചമര്ത്തലുകളെ അഭിമുഖീകരിക്കും അത് അക്രമരഹിത സമരത്തിന്റെ ശക്തികുറയ്ക്കുകയും ചിലപ്പോള് അത് പ്രതിലോഭമായിത്തീരാനും പ്രതിയോഗികളുടെ മുമ്പില് പരാജയപ്പെടാനും സാധിക്കും.

**ഒന്നാമതായി** നിശ്ശബ്ദമായ അക്രമപരമായ അടിച്ചമര്ത്തലുകളെ ഒഴിവാക്കാന് സിവില് പ്രതിരോധസമരത്തില് പ്രവ്യത്തി പഥത്തില് വരുത്തുന്ന തന്ത്രങ്ങള് അടിച്ചമര്ത്തലുകള് കൊണ്ട് കീഴ്പ്പെടുത്താന് കഴിയാത്തതായിരിക്കണം. ഉദാഹരണമായി ചില ലക്ഷ്യപ്പെടുത്തിയ ഉപഭോഗവസ്തുക്കള് വാങ്ങിക്കാതിരിക്കാന് ആളുകള് തീരുമാനിച്ചാല് അതായത് ബഹിഷ്കരിച്ചാല് ആ സമരരീതിയെ അടിച്ചമര്ത്താന് സാധിക്കില്ല. ഈ സമരം വികേന്ദ്രീകൃതവും അതേ ഒരു ഭരണകര്ത്താക്കള്ക്ക് ആരാണ് ആരല്ല സമരത്തില് പങ്കെടുക്കുന്നതെന്ന് തിരിച്ചറിയാന് സാധിക്കാതെവരും. എന്നാല് പ്രതിഷേധപ്രകടനങ്ങള് അഥവാ പൊതുജനങ്ങള് പങ്കെടുക്കുന്ന അല്ലെങ്കില് കേന്ദ്രീകൃതമായ നയങ്ങള് ഉപയോഗിച്ചു അടിച്ചമര്ത്താം എന്നാല് രാഷ്ട്രീയമല്ലാത്ത പ്രതിരോധം അഥവ വികേന്ദ്രീകൃതമായ ഭൗതീകമായി നയങ്ങളല്ലാത്ത മാര്ഗ്ഗങ്ങള് അതായത് കരം ഫീസ് മുതലായവ അടയ്ക്കാതിരിക്കുക അഥവാപൊതു പണിമുടക്ക് തുടങ്ങിയ കൂടുതല് നല്ല മാര്ഗ്ഗങ്ങളാണ്.

**രണ്ടാമതായി** സിവില് പ്രതിരോധ സമരം പുതിയ തന്ത്രങ്ങള് പ്രയോഗിക്കുന്നതിന്റെ ഫലമായി എതിരാളിയുടെ അടിച്ചമര്ത്തല് പരാജയപ്പെടും ലോകത്തിന്റെ മുന്നില് അടിച്ചമര്ത്തലുകളുടെ ദൃശ്യങ്ങള് രാജ്യത്തിനകത്തു ചിത്രങ്ങള് കഥകള് മുഖാന്തിരം പരസ്യപ്പെടുത്തുക തല്ഫലമായി അടിച്ചമര്ത്തലുകളും പരാജയപ്പെടില്ല, എന്നാല് ഒരു സമരം സങ്കീര്ണ്ണമാവുമ്പോള്, സമയം വൈകുമ്പോള് അടിച്ചമര്ത്തലിന്റെ പലവൃത്തി കെട്ടമുഖങ്ങളും പരസ്യമാകുമ്പോള് കൂട്ടമായി പൊതുജനങ്ങളുടേയും അന്താരഷ്ട്രീയ സമൂഹത്തിന്റെയും പിന്തുണ നഷ്ടപ്പെടും.

**മൂന്നാമതായി** മറിച്ചും ചിലസംഭവങ്ങള് ഉണ്ട് ഫിലിപ്പെന്സില് 1986 ലും ചിലിയില് 1988 ലും സെര്ബിയായില് 2000 ലും ഉക്രയിനില് 2000 ലും സെക്യൂരിറ്റി പട്ടാളക്കാര് കൂറുമാറി പ്രകടനക്കാരോടൊപ്പം ചേരുകയും അത് ഭരണാധികാരിയുടെ അടിച്ചമര്ത്തലിനുള്ള ശക്തി വളരെ അധികം കുറഞ്ഞു അതിന്റെ ഫലമായി ഭരണാധികാരികള്ക്ക് സമരങ്ങളെ അടിച്ചമര്ത്താന് സാധിക്കാതെവന്നു. സെക്യൂരിറ്റി സൈന്യത്തിന്റെ കൂറുമാറ്റം സംഭവിച്ചത് സമരക്കാരുടെ മനപൂര്വ്വവും നീണ്ടകാലത്തെ പ്രയത്നത്തിന്റെ ഫല
മായി സമരക്കാര് രൂപം കൊടുത്തതാണ് സെക്യൂരിറ്റി സൈന്യം വിധേയത്വം ഭരണാധികാരികളില് നിന്നും സമരത്തിന്റെ, ലക്ഷ്യത്തിലേക്ക് മാറ്റാന് സാധിച്ചത്.

## 8. എന്റെ പ്രതിയോഗികളെ പ്രേരിപ്പിക്കപ്പെടാന് സാധിച്ചില്ലെങ്കില് പിന്നെന്ത് ?

മര്ദ്ദന ഭരണത്തിനു ഉത്തരവാദികളായ കഠിനഹൃദയരായ ആളുകളെ പ്രേരിപ്പിച്ചു നമ്മുടെ വശത്തേക്ക് കൊണ്ടുവന്നു ജയിക്കാന് അസാദ്ധ്യമാണ്. എന്നാല് നിങ്ങളുടെ പ്രതിയോഗികളെ പിന്തുണയ്ക്കുന്നപലരേയും നമ്മുടെ ആശയത്തിലേക്ക് കൊണ്ടുവരാന് പ്രേരിപ്പിക്കാം.

സിവില് പ്രതിരോധ സമരം വളരെ ശക്തിയുള്ളതാണെന്നു പറയുന്നതിന്റെ പ്രധാനകാരണം ലക്ഷക്കണക്കിനു വ്യക്തികളുടെ വിശ്വാസവും പെരുമാറ്റവും പ്രത്യക്ഷമായും പരോക്ഷമായും അടിച്ചമര്ത്തലിനെ പിന്തുണയ്ക്കുന്നവരെ പരിവര്ത്തനത്തിനു വിധേയരാക്കാം. എപ്പോഴാണോ നിങ്ങളുടെ പ്രതിയോഗിയുടെ ശക്തിയുടെ സ്രോതസ്സ് ദുര്ബലമാകുന്നത് അപ്പോള് അവന്റെ സമീപനത്തില് അല്പം വ്യത്യാസം വരും. അയാളുടെ ശക്തി സ്രോതസ്സ് വളരെ ദുര്ബലമാകുമ്പോള് അയാളിന് അതിന്റെ അനന്തരഫലങ്ങളെ നിയന്ത്രിക്കാന് സാധിക്കാതെ വരുമെന്ന് മനസ്സിലാകും അപ്പോള് അയാള് ഒരു പുതിയ വ്യവസ്ഥിതിക്കു വേണ്ടി മദ്ധ്യസ്ഥ ചര്ച്ചയ്ക്ക് തയാറാക്കും.

ഉദാഹരണമായി 1985 ല് തെക്കേ ആഫ്രിക്കയിലെ പോര്ട്ടു എലിസബത്തില് വര്ണ്ണ വിവേചനത്തിനെതിരേ നടത്തിയ സിവില് പ്രതിരോധ സമരത്തില് വെള്ളക്കാരുടെ ഉടമയിലുള്ള വ്യവസായ സ്ഥാപനങ്ങളെ ബഹിഷ്കരിക്കാന് തുടങ്ങിയപ്പോള് വളരെ സാമ്പത്തികമായ നഷ്ടം വരുകയും അവര് സര്ക്കാരില് സമ്മര്ദ്ദം ചെലുത്തി പോളിസിയില് മാറ്റം വരുത്തി. ഈ ബിസ്സിനസ്സുകള് ഈ സമരത്തിന്റെ ലക്ഷ്യങ്ങളുമായി പൂര്ണ്ണമായും സമ്മതിക്കാന് പ്രേരിപ്പിക്കപ്പെട്ടതല്ല എന്നാല് അവര് മനസ്സിലാക്കിയത് സര്ക്കാരിന്റെ അടിച്ചമര്ത്തല് നയത്തെ പിന്തുണച്ചുകൊണ്ടിരിക്കുന്നതിനേക്കാള് മെച്ചം സമരക്കാരുടെ കുറെ അവകാശങ്ങളെ അംഗീകരിക്കുകയാണ്.

## 9) <u>ഇതു കൂടുതല് സമയമെടുക്കും നമുക്കു കാത്തിരിക്കാന് സാധിക്കുന്നില്ലെങ്കില്</u>

സിവില് പ്രതിരോധ സമരത്തിന്റെ പ്രഭാവം സമൂഹത്തിലുണ്ടാകാന് ഒരു നീണ്ടകാലയളവ് ആവശ്യമില്ല. ഫിലിപ്പൈന്സില് സോളിഡാരിറ്റി പ്രസ്ഥാനം സംഘടിപ്പിച്ചു പത്തു വര്ഷത്തിനുള്ളിലാണ്. അതിന് ശക്തി സമാര്ജ്ജിക്കാന് സാധിച്ചത്. ഭരണാധികാരിയായ ഫെര്ഡിനാന്റ് മാര്ക്കോസിനെ പുറത്താക്കാന് പ്രതീക്ഷകള്ക്ക് കുറെ വര്ഷങ്ങള്മാത്രം മതിയായിരുന്നു. ഒരു സിവില് പ്രതിരോധസമരത്തിന്റെ വിജയം തീരുമാനിക്കുന്നതുകാലയളവല്ല നേരെമറിച്ച് ഒരു സമരം ഏകീകരിക്കപ്പെട്ടതാണോ അതിന്റെ സമരരീതികള് തന്ത്രപ്രധാനമാണോ എന്നതാണ്.

## 10) <u>നമുക്ക് എങ്ങനെ വിജയിക്കാന് സാധിക്കും</u>

നിങ്ങള്ക്ക് നിങ്ങളുടെ സമരം വിജയിക്കാനുള്ള താരതമ്യേന ഒരു നല്ല സാഹചര്യമുള്ളത് ആസമരം അഥവാ സമരപ്രചരണം പൊതുജന ഐക്യം, ശ്രദ്ധയോടുകൂടി ആസൂത്രണം, അക്രമരഹിത അച്ചടക്കം എന്നീ ഗുണങ്ങള് വികസിച്ചെടുക്കുകയാണെങ്കില് മാത്രമാണ്.

**ഏകത്വം** വളരെ നിര്ണ്ണായകമാണ് കാരണം പ്രതിരോധസമരം വളരെ ശക്തിയുള്ളതാണ് അത്. ഭൂരിപക്ഷം ആളുകളുടെ ഇഷ്ടവും പ്രതിജ്ഞാബന്ധതയുടെയും പ്രതീകമാണ്. അതിനേക്കാള് ഉപരി പ്രാധാന്യമര്ഹിക്കുന്നത് അതിലെ പങ്കാളിത്തം സ്വമേധയാ ഉള്ളതാണ്. ജനങ്ങള് അതില് അംഗമാകുന്നതും അപകടസാദ്ധ്യത തെരഞ്ഞെടുക്കുന്നതും അവര് ആ സമരത്തില് വിശ്വാസം അര്പ്പിക്കുന്നത് കൊണ്ടാണ്. ഈ സമരത്തില് ഐക്യമില്ലാതായിത്തീരുന്നത് ആസമരത്തിന്റെ കാരണം അവ്യക്തവും അല്ലെങ്കില് സംശയാസ്പദമല്ലെങ്കില് കൂടുതല് ആളുകള് അതില് പങ്കെടുക്കണ്ടാ എന്ന് തീരുമാനിക്കും. പൊതുവായിപ്പറഞ്ഞാല് വിജയകരമായി പരിണമിച്ച എല്ലാ സമരങ്ങളും, പുരുഷന്മാര്, സ്ത്രീകള്, മദ്ധ്യവയസ്കരായ ആളുകള് പ്രായം ചെന്ന ആളുകള് വിവിധ സമുദായത്തില്പ്പെട്ട ആളുകള് വിവിധ മനുഷ്യവര്ഗ്ഗത്തില്പ്പെട്ട വിവിധ പശ്ചാത്തലത്തില്പ്പെട്ട ആളുകള്,

തൊഴിലാളികള്,ബുദ്ധിജീവികള് ബിസിനസ്സ് സമൂഹത്തില്പ്പെട്ടയാളുകള് എന്നീ ജനങ്ങളെ ഒന്നിച്ചു സംഘടിപ്പിക്കാന് സാധിച്ചിട്ടുണ്ട്.

**ആസൂത്രണം** അനിവാര്യമാണ് എന്തുകൊണ്ടെന്നാല് സിവില്, പ്രതിരോധ സമരം. ഒരു മുഖ്യപോരാളിയുടെ സമരപ്രചാരണം ഒരു പൗരസമൂഹത്തെ പ്രതിനിധാനം ചെയ്യുന്നയാളും അദ്ദേഹത്തിന്റെ എതിരാളിയും തമ്മിലുള്ള സംഘര്ഷമാണ്. ഇങ്ങനെയുള്ള സമരത്തില് സംഘടനാശക്തി സമരതന്ത്രം എന്നിവ ഒരുസമരത്തില് ശേഖരിച്ച ശക്തിയ്ക്കുരൂപം കൊടുക്കാനും അതിനു മാര്ഗ്ഗനിര്ദ്ദേശം നല്കാനും ആസൂത്രണം വളരെ ആവശ്യമാണ്. ഒരു സിവില് പ്രതിരോധസമരത്തില് നോതാക്കന്മാര്ക്ക് സമരതന്ത്രപരവും തന്ത്രപ്രധാനവുമായ തീരുമാനങ്ങള് എടുക്കേണ്ടതായിവരും. അവ എങ്ങനെ അവര്ക്ക് വിഭവം സമാഹരിക്കാം, ഏറ്റവും നല്ല രീതിയില് ആ വിഭവത്തെ വിനിയോഗിക്കണം, എങ്ങനെ എതിരാളികളുടെ ദൗര്ബല്യങ്ങളെ ചൂഷണം ചെയ്യണം, പ്രതിയോഗികള്ക്ക് എതിരായി പ്രതികൂലമായി എങ്ങനെ പ്രതികരിക്കണം എന്നിവയാണ്. നല്ല തീരുമാനങ്ങള് ഒരിക്കലും നിസ്യതമായി ഉണ്ടാവുകയില്ല. നല്ല ആസൂത്രണം ചെയ്യുന്നതിന് രണ്ടു തരത്തിലുള്ള അറിവ് ആവശ്യമാണ്. **ഒന്നാമതായി** നയതന്ത്ര തീരുമാനം എടുക്കുന്ന നേതാവിനു അവര് അഭിമുഖീകരിക്കുന്ന രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യമായ അവസ്ഥകളെക്കുറിച്ചു അറിവുണ്ടായിരിക്കണം. അതുപോലെ ആസമൂഹത്തിലെ വ്യത്യസ്ത ഗ്രൂപ്പുകളുടെ അഭിലാഷങ്ങളും താത്പര്യങ്ങളും വ്യക്തമായി മനസ്സിലാക്കിയിരിക്കണം രണ്ടാമതായി നയതന്ത്രങ്ങള് തീരുമാനിക്കുന്ന നേതാക്കള്ക്ക് ഈ സിവില് സമരം എങ്ങനെ പ്രവ്ര്ത്തനക്ഷമമാകും അങ്ങനെയുള്ള അറിവുകള് വ്യക്തിപരമായി പുസ്തകങ്ങള് ഫിലിമുകള് ഇന്റര്നെറ്റു എന്നിവയില് നിന്നും നേടണം കൂടാതെ സിവില് പ്രതിരോധ സമരങ്ങള് സംഘടിപ്പിച്ച നേതാക്കളുടെ അനുഭവങ്ങള് അവരുമായി ബന്ധപ്പെട്ടും മനസ്സിലാക്കണം. അക്രമരഹിത അച്ചടക്കം വളരെ നിര്ണ്ണായകമാണ് കാരണം ഒരു സമരം ബലപ്രയോഗം നടത്തിയാല് അത് ആപ്രതിരോധ സമരത്തിന്റെ പ്രഭാവത്തെ വിലകുറച്ചുകാണിക്കും സാധാരണയായി അതു ആരംഭിക്കുന്നത് അക്രമപൂര്ണ്ണമായ അടിച്ചമര്ത്തലോടെയാണ്. അതിനുമപ്പുറം എപ്പോഴെങ്കിലും പ്രതിരോധസമരം മര്ദ്ദനമുറയെ അവലംബിക്കുമ്പോള് അതുപലപ്പോഴും സമൂഹത്തിലെ ജനങ്ങളുടെ പങ്കാളിത്തം കുറയും, മര്ദ്ദനം നടത്തുന്നതിന്റെ അപകടസാദ്ധ്യതയെ നേരിടാനുള്ള വിമുഖതകൊണ്ടാണ് അത് സംഭവിക്കുന്നത്. അവസാനമായി എപ്പോഴെങ്കിലും ഒരു സമരം പോലീസിനും പട്ടാളത്തിനുമെതിരായി ബലപ്രയോഗം നടത്താന് ശ്രമിക്കുമ്പോള് ആ വ്യവസ്ഥയിലെ എതിരാളികളുടെ വിശ്വസ്തതയെ വിഭജിക്കാന് സാദ്ധ്യമല്ലാതാകും. അതുപോലെ വെളിപ്പെടുത്താത്ത സമരത്തോടുള്ള അനുകമ്പകൂടി പ്രതിയോഗികളില് നിന്നും അപ്രത്യക്ഷമാകും. സിവില് പ്രതിരോധ സമരം ചലനാത്മകമാക്കുന്ന ചലനശേഷിയുള്ള സ്വഭാവത്തിന്റെ വിപരീതഫലം കാണിക്കും. ഒരു സിവില് പ്രതിരോധസമരത്തിന്റെ കാരണം സ്വാതന്ത്രവും എല്ലാവര്ക്കും സാമാന്യേന പ്രയോജനം ചെയ്യുന്ന ഒരു സമൂഹത്തെകുറിച്ചുള്ള സങ്കല്പം. ഒരു സിവില് സമരം ആഹ്വാനം ചെയ്യുന്നത് എല്ലാ പശ്ചാത്തലത്തിലുള്ള ആളുകളുടെ പ്രവൃത്തിയും ധൈര്യവുമാണ്. അങ്ങനെയുള്ള ഒരു സമൂഹം പ്രതിരോധിച്ച് നില്ക്കുന്ന ആളുകള്ക്കും ആകര്ഷണീയമാകും അതുപോലെ നിലവിലുള്ള വ്യവസ്ഥിതിയെ അവസാനിപ്പിക്കണമെന്ന് അവസാനിപ്പിക്കുന്നവര്ക്കും ആകര്ഷണീയമാകും.

## <u>ഉദ്ധരണികള്</u>

1. യഥാര്ത്ഥത്തില് ജനസാമാന്യം സംഘടിപ്പിച്ചതാണ് തെക്കേ ആഫ്രിക്കയില് ഒരു പരിവര്ത്തനം കൊണ്ട് വരാന് സാഹായിച്ചത്. അത് ഭരണത്തില് സമ്മര്ദ്ദം ചെലുത്തി. അവസാനം പരിവര്ത്തനത്തിന് കാരണമായി. അവിടെ ഒരു സ്തംഭനാവസ്ഥ ഉണ്ടാക്കുകയും ആ ദുര്ഘടപ്രതിസന്ധിയില് സര്ക്കാരിന് ഒരു തരത്തിലും പ്രതികരിക്കാന് സാധിച്ചില്ല.

ഡോ: ജാനറ്റ് ചെരി

2. ഒരു സമരത്തിലെ പ്രധാനകാര്യം ശ്രദ്ധ പിടിച്ച് പറ്റുക എന്നതാണ്. ആരും ശ്രദ്ധിക്കാത്ത ഒരുമൂലയില് സമരം ചെയ്യുക എന്നത് ബലഹീനമല്ലാത്ത പ്രയോജനമല്ലാത്ത ശ്രമമാണ്. നിങ്ങളുടെ സമരം നിങ്ങള്ക്ക് കഴിയുന്നിടത്തോളം നിങ്ങളുടെ കാരണത്തിന് ശ്രദ്ധപിടിച്ച് പറ്റണം.

മുഖ്ഷേലി ജാക്ക്

3. തീഷ്ണമായ അച്ചടക്കം പരിപാലനം തന്ത്രങ്ങള് മെനയുക, ആസൂത്രണം ചെയ്യുക, ആളുകളെ ചേര്ക്കുക, അതുപോലെ മറ്റ് അനുബന്ധകാര്യങ്ങള് ചെയ്യുക. ഈ കാര്യങ്ങളുടെ അത്യാവശ്യം ആളുകള് മനസ്സിലാക്കുന്നില്ല എന്നതാണ് അക്രമരഹിത സമരത്തിലെ ഏറ്റവും വലിയ പ്രയാസം.

അത് നിസ്യതമായി സംഭവിക്കുകയില്ല. അത് ക്രമാനുഗതമായി ചെയ്യണം.

റവ: ജയിംസ് ലാസന്

4. അതുകൊണ്ടാണ് ഈ അടിച്ചമര്ത്തല് എതിര് ഉത്പാദനക്ഷമത കാണിച്ചത്. ഇത് ഐസക് ന്യൂട്ടന്റെ മൂന്നാം ചലനനിയമം പ്രവര്ത്തവും പ്രതിപ്രവര്ത്തനത്തേയും സംബന്ധിച്ചത് പോലെയാണ്. നിങ്ങള് അടിച്ചമര്ത്തലിന്റെ നിലവാരം ഉയര്ത്തുമ്പോള് അതനുസരിച്ച് പ്രതിരോധത്തിന്റേയും നിലവാരം മുകളിലേക്ക് ഉയരും.

ഇവാന് മാര്വിക്